

# SNHSS N PRAVUR-E PATHRAM -3

Published by LITTLE KITEs SNHSS N PARAVUR school code:25068 email: snhssnorthparavur@gmail.com

2025 AUGUST 1-7 VOLUME-3









## അറിവിന്റെ മഹാസാനു

അദ്ധ്യാപകൻ, നിരൂപകൻ, ചിന്തകൻ, പ്രഭാഷകൻ, നിയമസഭാസാമാജികൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ സാനു മാസ്റ്റർ ഇനി ഓർമ. സാനു എന്ന ചെറിയ പദത്തിന് കൊടുമുടി എന്ന അർത്ഥം കൂടിയുണ്ട്. സാനു മാസ്റ്റർ അക്ഷരാർത്ഥത്തിൽ ഇത് തെളിയിച്ച വ്യക്തിയാണ്. മലയാളത്തിന്റെ അഭിമാനമായി ഒരു നൂറ്റാണ്ടോളം പ്രഭ ചൊരിഞ്ഞ വൈജ്ഞാനിക ദീപമാണ് അണഞ്ഞു പോയത്.

ആരാകാനാണ് ആഗ്രഹം എന്ന അധ്യാപകന്റെ ചോദ്യത്തിന് "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" എന്ന കുമാരനാശാന്റെ വരികളാണ് എട്ടാം ക്ലാസ്സ് കാരനായ സാനു എഴുതി നൽകിയത്.ഒരു നൂറ്റാണ്ടിനരികെ വരെയെത്തി യാത്ര നിർത്തുമ്പോൾ ബാക്കിയാകുന്നത് എൺപതിലേറെ പുസ്തകങ്ങൾ എഴുതി തീർത്തിട്ടും ഇനിയും എഴുതണമെന്ന നിശ്ചയദാർഢ്യവും ലോകം മുഴുവനുമുള്ള ശിഷ്യ സമ്പത്തും. സാനുമാഷിന്റെ ജീവിതം ആരംഭിക്കുന്നത് വളരെ സാധാരണമായ ചുറ്റുപാടിലാണ്. ജീവിതത്തിൽ തനിക്കുണ്ടാകുന്ന വിഷമം തന്റേത് മാത്രമല്ലെന്നും അതിൽ ലോകക്രമത്തിന്റെ സ്വാധീനമുണ്ടെന്നും മനസ്സിലാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം സമൂഹത്തിനു വേണ്ടി എഴുതി, ജീവിച്ചു." നേർവഴിക്കല്ല എന്റെ ജീവിതം കടന്നു പോന്നത്. പല വഴികളിലൂടെയും അത് സഞ്ചരിച്ചു. എങ്കിൽ തന്നെയും ലോകം എനിക്ക് നൽകിയതിനേക്കാൾ കൂടുതലായി ഞാൻ ലോകത്തിനു നൽകിയെന്നാണ് തോന്നുന്നത്. അതാണ് എന്റെ ജീവിത ദർശനവും. ". സാനു മാസ്റ്റർ തന്റെ ജീവിതത്തെ തിരിഞ്ഞു നോക്കിയത് ഇപ്രകാരമായിരുന്നു. പ്രതിഭയുടെയും പ്രശസ്തിയുടെയും കൊടുമുടി യിലെത്തിയിട്ടും അദ്ദേഹം സ്വയം ഒരിക്കലും വലുതായി കണ്ടില്ല. എളിമയുടെ സ്വന്ദര്യത്തോടെ ജീവിച്ചു. ഇളംകാറ്റു പോലെ കടന്നു പോയിധന്യവും ഋഷിതുല്യവുമായ ജീവിതം പുഴ പോലെ ഒഴുകി ഒടുവിൽ നിത്യതയിലേക്ക്..... മരണം ആ സാന്നിധ്യം അവസാനിപ്പിക്കുന്നില്ല. പുസ്തകങ്ങളിലൂടെ, പ്രഭാഷണങ്ങളിലൂടെ, അധ്യാപനത്തിന്റെ ധന്യതയിലൂടെ നമുക്കിടയിൽ തന്നെയുണ്ടാകും.

## സുരക്ഷാസമിതി യോഗം ചേർന്നു.

സ്കൂൾ സുരക്ഷാ സമിതി, ജാഗ്രതാ സമിതി എന്നിവയുടെ പ്രതിമാസ യോഗം ഓഗസ്റ്റ് 1ന് 3.30 ന് സ്കൂൾ ഹാളിൽ ചേർന്നു. വാർഡ് കൗൺസിലർ സജി നമ്പ്യത്ത്, വൈദ്യുതി ബോർഡിൽ നിന്നുള്ള ശ്രീമതി രേഖ, ആരോഗ്യ വകുപ്പിൽ നിന്ന് ശ്രീമതി സുനീതി, ഹയർ സെക്കന്ററി പ്രിൻസിപ്പൽ ശ്രീമതി സി എസ് ജാസ്മിൻ, ഹെഡ്മിസ്ട്രസ് ശ്രീമതി ട് ജെ ദീപ്തി, പി ടി എ അംഗം ശ്രീമതി ഹസ്ന ഹാരിസ്, സ്കൂളിലെ മറ്റ് അധ്യാപക അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




സുരക്ഷാസമിതി യോഗത്തിൽ വാർഡ് കൗൺസിലർ സംസാരിക്കുന്നു



സുരക്ഷാസമിതി യോഗത്തിൽ K SEB പ്രതിനിധി ശ്രീമതി സ്മിത സംസാരിക്കുന്നു

സ്കൂളിന്റെ പൂർണ സുരക്ഷ ഉറപ്പാക്കുന്നതിന് നടപ്പാക്കേണ്ട കാര്യങ്ങൾ യോഗം ചർച്ച ചെയ്തു. സ്കൂളിൽ നടത്തേണ്ട സുരക്ഷാ പരിശോധനകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ബി ആർ സി യിൽ നൽകേണ്ട സ്കൂൾ സുരക്ഷായുമായി ബന്ധപ്പെട്ട 30 ചോദ്യങ്ങൾ അടങ്ങിയ ചോദ്യവലിയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ സുരക്ഷക്കായി സ്വീകരിക്കേണ്ട പ്രധാന നടപടികൾ തീരുമാനിച്ചു. സ്കൂൾ സമയത്തിന് മുൻപും ശേഷവുമുള്ള അധ്യാപകരുടെ ഡ്യൂട്ടി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിന് തീരുമാനമായി. സ്കൂളിലെ വൈദ്യുതീകരണം വീണ്ടും പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പരിഹാരനടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനമായി. വൈദ്യുതി ലൈനുകളിലെ തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ K SEB യിൽ അറിയിക്കണമെന്ന് ശ്രീമതി സ്മിത അറിയിച്ചു. ഷീറ്റ് വർക്കുകൾ പരമാവധി ലൈനുകളിൽ നിന്ന് നീക്കി സ്ഥാപിക്കുന്നത് നന്നായിരിക്കുമെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു.



സുരക്ഷാസമിതി യോഗത്തിൽ ഹെഡ് മിസ്ട്രസ് സംസാരിക്കുന്നു



സുരക്ഷാസമിതി യോഗത്തിൽ ആരോഗ്യവകുപ്പ് പ്രതിനിധി സംസാരിക്കുന്നു

വെള്ളക്കെട്ട് പരമാവധി ഒഴിവാക്കി എലിപ്പനി, ഡെങ്കിപനി എന്നിവ പ്രതിരോധിക്കാമെന്ന് ശ്രീമതി സുനീതി നിർദ്ദേശിച്ചു.

## ഒന്നാം പാദ വാർഷിക പരീക്ഷകൾ ഓഗസ്റ്റ് 18 ന്

2025-26 അധ്യയന വർഷത്തെ ഓണപ്പരീക്ഷ ഓഗസ്റ്റ് 18 ന് ആരംഭിച്ച് 26 ന് അവസാനിക്കും. 6,8,10 ക്ലാസ്സുകളിൽ പുതുക്കിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ പരീക്ഷകളാണ്. ഓണാഘോഷത്തിന് ശേഷം 29 ന് സ്കൂൾ ഓണാവധിക്ക് അടക്കും.

## ഹൈ സ്കൂൾ വിഭാഗം സ്കൂൾ തല സയൻസ് ക്വിസ്

ഹൈ സ്കൂൾ വിഭാഗം സ്കൂൾ തല സയൻസ് ക്വിസ് നടത്തി. എട്ടാം ക്ലാസ്സ് വിദ്യാർത്ഥി കാർത്തിക് കെ എസ് ഒന്നാം സ്ഥാനവും ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥി അനയ്ചന്ദ്ര എസ് ഓടശ്ശേരി രണ്ടാം സ്ഥാനവും നേടി

## HS സയൻസ് ക്വിസ് വിജയികൾ



കാർത്തിക് കെ എസ് 8 B



അനയ് ചന്ദ്ര 9 B

## ദേശീയ ശാസ്ത്ര സെമിനാർ.. സ്കൂൾ തല മത്സരം

ദേശീയ ശാസ്ത്ര സെമിനാറിന്റെ സ്കൂൾ തല മത്സരം ഓഗസ്റ്റ് 1 ന് നടത്തി. ക്വാണ്ടം എനർജി.. വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ 8,9,10 ക്ലാസ്സുകളിലെ കുട്ടികളാണ് സെമിനാർ അവതരിപ്പിച്ചത്.



സെമിനാർ അവതരിപ്പിക്കുന്നു



സെമിനാർ സദസ്സ്

## സംസ്ഥാന ഓപ്പൺ തൈക്വാണ്ടോ ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ നേടി.

കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്ന സംസ്ഥാന ഓപ്പൺ തായ്ക്വാണ്ടോ ചാമ്പ്യഷിപ്പിപിൽ പുല്ലംകുളം സ്കൂളിലെ ഇവ ഭാരത്വജ് സ്വർണ മെഡൽ നേടി.അണ്ടർ 42 കിലോഗ്രാം ജൂനിയർ വിഭാഗത്തിലാണ് ഇവ ഈ നേട്ടം കരസ്ഥമാക്കിയത്.



ഇവ ഭാരത്വജ്

### പകർച്ച വ്യാധികൾ തടയാം

മാസ്ക്, സാനിറ്റൈസർ  ഉപയോഗം നിർബന്ധമാക്കുക
പനി, തൊണ്ടവേദന, ജലദോഷം ഉള്ളവർ വീട്ടിൽ വിശ്രമിക്കുക.
തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക.
ചൂടുള്ള ഭക്ഷണം കഴിക്കുക.
വീട്ടിലും പരിസരത്തും വെള്ളക്കെട്ട് ഒഴിവാക്കുക.
കാലിൽ മുറിവുണ്ടെങ്കിൽ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ചവിട്ടരുത്

# ഹിരോഷിമ ദിനം ആചരിച്ചു

## ഹിരോഷിമ ദുരന്തത്തിന്റെ 80- ആം വാർഷികം -ഓഗസ്റ്റ് 6

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 6 ന് ഹിരോഷിമ ദിനം ആചരിച്ചു. കുട്ടികൾ സമാധാനത്തിന്റെ പ്രതീകമായ സഡാകോ കൊക്കുകളെ ഉണ്ടാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു. മനുഷ്യ ചരിത്രത്തിലെ ഏറ്റവും കറുത്ത ദിനങ്ങളിൽ ഒന്നിന്റെ ഓർമപ്പെടുത്തലാണ് ഓഗസ്റ്റ് 6. 1945 ഓഗസ്റ്റ് 6ന് ജപ്പാനിലെ ഹിരോഷിമ നഗരത്തിനു മേൽ ലോകം ആദ്യമായി അണു ബോംബിന്റെ സംഹാരതാണ്ഡവം കണ്ടു. നിമിഷ നേരം കൊണ്ട് ഒരു നഗരം വെന്തു ചാമ്പലാവുകയും പതിനായിരങ്ങൾ കൊല്ലപ്പെടുകയും ചെയ്ത ആ ദുരന്തം യുദ്ധം എത്രത്തോളം മനുഷ്യത്വ രഹിതമാകാമെന്നതിന്റെ നിത്യ





കുട്ടികൾ തയ്യാറാക്കിയ സഡാകോ കൊക്കുകളുമായി അണിനിരന്നപ്പോൾ

### ഹിബാകുഷ

ഹിരോഷിമയിലും നാഗസാക്കിയിലുമായി നടന്ന ബോംബാക്രമണങ്ങളിലെ ഭീകരതയെ അതിജീവിച്ചവരെ ഹിബാകുഷ എന്ന് വിളിക്കുന്നു. സ്ഫോടനബാധിതരായ ജനങ്ങൾ എന്ന് അർത്ഥം വരുന്ന ഈ വാക്ക് ജീവനോടെ ബാക്കിയായവരുടെ വേദനയുടെ പ്രതീകമാണ്. സ്ഫോടനത്തിൽ നിന്ന് രക്ഷപ്പെട്ടെങ്കിലും അണു വികിരണം അവരെ ജീവിതകാലം മുഴുവൻ വേട്ടയാടി. കാൻസർ അടക്കമുള്ള മാരക രോഗങ്ങൾ തലമുറകളിലേക്ക് പടർന്നു.



### സഡാക്കോ കൊക്കുകൾ

രക്താർബുദം ബാധിച്ച് മരിച്ച സഡാക്കോ സസാക്കി എന്ന പെൺകുട്ടിയുടെ കഥ ലോകമെമ്പാടുമുള്ള സമാധാന പ്രേമികളുടെ നൊമ്പരമാണ്. അസുഖം ഭേദമാകാൻ വേണ്ടി ആയിരം കടലാസ് കൊക്കുകളെ ഉണ്ടാക്കാൻ തുടങ്ങിയെങ്കിലും 644-മത്തെ കൊക്കിനെ ഉണ്ടാക്കിയപ്പോഴേക്കും അവൾ മരണത്തിനു കീഴടങ്ങി. സഡാക്കോയുടെ കടലാസ് കൊക്കുകൾ ഇന്ന് ലോകമെങ്ങും സമാധാനത്തിന്റെ പ്രതീകമാണ്.